**മധുരമായ കുട്ടികളേ – ആത്മാഭിമാനി ഭവ, ഒരേയൊരു ബാബയുടെ ശ്രീമത പ്രകാരം മുന്നേറൂ, നിങ്ങളുടെത് ഉയർന്ന കുലമാണ്, നിങ്ങൾ സ്വദർശന ചക്രധാരി യായി മാറൂ.**

**ചോദ്യം** – ശിവശക്തി പാണ്ഡവ സേനയ്ക്കായി ബാബയുടെ നിർദ്ദേശമെന്താണ്?
**ഉത്തരം** – ബാബയുടെ നിർദ്ദേശമാണ് – ശ്രീമത പ്രകാരം നടന്ന് നിങ്ങൾ ഭാരതത്തിന്റെ തോണി അക്കരെ കടത്തൂ. സർവ്വ ധർമ്മങ്ങളെയും പരിത്യജിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. പാവനമായി മറ്റുള്ളവരെയും പാവനമാക്കൂ. നിങ്ങൾ ശിവശക്തി പാണ്ഡവ സൈന്യം പവിത്രമായി മാറി, തന്റെ– ശരീരം– മനസ്സ് ധന ത്തിലൂടെ ഭാരതത്തെ പവിത്രമാക്കി മാറ്റുവാനുള്ള സേവനം ചെയ്യൂ, നിങ്ങൾ ശ്രീമതമനുസരിച്ച് അഹിംസ യുടെ ബലത്തിലൂടെ ഭാരതത്തിന്റെ സത്യമായ സേവനം ചെയ്യൂ.

**ഗീതം** – ഓം നമ ശിവായ......

**ഓംശാന്തി**. കുട്ടികൾ പാട്ട് കേട്ടില്ലേ, ഇത് നിരാകാരനായ ശിവപരമാത്മാവിന്റെ മഹിമയാണ്, അവരെ ഭഗ വാൻ എന്നും പറയുന്നു. ഭഗവാൻ ഒന്നേയുള്ളു. ഭാരതവാസികൾക്ക് ഭഗവാൻ അനേകമാണ്. പട്ടി, പൂച്ച, കല്ല്, തൂണ് എന്നിവയിലെല്ലാം ഭഗവാൻ ഉണ്ടെന്ന് കരുതുന്നു. സ്വയത്തെയും ഭഗവാനെന്നു മനസ്സിലാക്കു ന്നു. അതുകൊണ്ടാണ് ഭഗവാൻ പറയുന്നത്, ഇവരെല്ലാം നാസ്തികരാണെന്ന്. പരമപിതാവായ പരമാത്മാ വിന് ധാരാളം മഹിമയുണ്ട്. പതിത സൃഷ്ടിയെ പാവനമാക്കുന്നു. അഥവാ കക്കയ്ക്കു സമാനം ദരിദ്രമായ ഭാരതത്തെ വജ്ര സമാനമാക്കി മാറ്റുന്നു. 5000 വർഷങ്ങൾക്കു മുമ്പ് ഭാരതം ഡബിൾ കിരീടധാരിയായിരു ന്നു. അത് ആരാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. പരമപിതാവായ പരമാത്മാ ശിവൻ ജ്ഞാനസാഗ രനാണ്. രചയിതാവായ അച്ഛനാണ് മഹിമ, ബാക്കിയെല്ലാം രചനയാണ്. ഭാരതവാസികളാണ് പറയുന്നത്, അങ്ങ് മാതാപിതാവാണ് ഞങ്ങൾ അങ്ങയുടെ സന്താനമാണെന്ന്.....ഭാരതത്തിൽ അളവറ്റ സുഖമുണ്ടായി രുന്നു, ഇപ്പോഴില്ല. ഇപ്പോൾ ആസുരീയ രാവണ സമ്പ്രദായമാണ്. ഓരോ നരനിലും നാരിയിലും പഞ്ച വികാരങ്ങൾ വ്യാപകമാണ്. ഇതിൽ രാജാ–റാണിയും സാധു–സന്യാസിമാരും സർവ്വരും അടങ്ങുന്നു. എല്ലാവരിലും എന്തെങ്കിലുമൊക്കെ വികാരങ്ങൾ തീർച്ചയായും അടങ്ങിയിട്ടുണ്ട്. ഇത് പതിത ലോകമാണ് പതിത ഭാരതമാണ്. സത്യയുഗത്തിൽ ഭാരതം പാവനമായിരുന്നു. പവിത്ര ഗൃഹസ്ഥ ധർമ്മം പവിത്രമായ പ്രവൃത്തിമാർഗ്ഗമായിരുന്നു. ഇപ്പോൾ അപവിത്രമായ പ്രവൃത്തി മാർഗ്ഗമാണ്. ഭാരതം ഡബിൾ കിരീടധാരി യായിരുന്ന സമയത്ത് അളവറ്റ ധനമുണ്ടായിരുന്നു, വജ്ര–വൈഢൂര്യങ്ങളുടെ കൊട്ടാരമുണ്ടായിരുന്നു. പിന്നീട് മുസൽമാന്മാരും മറ്റും അവയെല്ലാം കൊള്ളയടിച്ച്, അവരുടെ പള്ളികളിലും, ശവകുടീരങ്ങളിലും പതിച്ചു വെച്ചു. ഭാരതവാസികൾ തീർത്തും ദരിദ്രരായി മാറി. എന്നെ മറന്നതു കാരണത്താൽ നാസ്തിക രായി മാറി. ഞാൻ വന്ന് ഭാരതവാസികളെയാണ് ദേവതകളാക്കി മാറ്റുന്നത്. അങ്ങ് മാതാപിതാവെന്ന മഹി മയുമുണ്ട്. അപ്പോൾ തീർച്ചയായും ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സുഖം ലഭിക്കണം. ബാബ പറയുന്നു ഞാൻ നിങ്ങളെ രാജയോഗവും ജ്ഞാനവും പഠിപ്പിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത്. പരമപിതാവായ പരമാത്മാവ് വന്ന് ആത്മാക്ക ളെയാണ് പഠിപ്പിക്കുന്നത്. ആത്മാഭിമാനിയായി ഭവിയ്ക്കട്ടെ എന്നാണ് പറയുന്നത്. അല്ലാതെ പരമാത്മാഭി മാനി ഭവ എന്നല്ല. ഇത് തെറ്റാണ്. ഈശ്വരൻ സർവ്വ വ്യാപിയല്ല. അച്ഛൻ ശിവനും കുട്ടികൾ സാളിഗ്രാമുമാ ണ്. രണ്ടു കൂട്ടരും പരംധാമത്തിലാണ് വസിക്കുന്നത്. അപ്പോൾ നമ്മളെല്ലാവരും ആത്മാക്കളാണ്. സന്യാ സിമാർ പറയുന്നത് അഹംബ്രഹ്മാസ്മി എന്നാണ്. ബ്രഹ്മം മാത്രമെയുള്ളൂ ബാക്കി എല്ലാം അസത്യമാണെ ന്നാണ്. ഞങ്ങളും ബ്രഹ്മമാണെന്നു പറയുന്നു. ശ്രീ ശ്രീ 108 ജഗത്ഗുരു പതിതപാവനൻ ഒന്ന് മാത്രമാണ്. അവരെ തന്നെയാണ് സത്ഗുരു എന്ന് പറയുന്നത്. പതിത ലോകത്തിൽ വസിക്കുന്നവരെ പതിതപാവനൻ എന്നു പറയില്ലല്ലോ. സ്വയം പതിതമായവർക്ക് പാവനമാക്കുവാൻ സാധിക്കില്ലല്ലോ. ആരാണോ ആദ്യം പവിത്രമായവർ അവരെ വിവാഹം കഴിപ്പിച്ച് പിന്നീട് പതിതമാക്കുന്നു.

ഇപ്പോൾ ശിവബാബ പറയുന്നു, കുട്ടികളേ ആത്മാഭിമാനിയായി ഭവിയ്ക്കട്ടെ. സ്വയം ആത്മാവെന്നു നിശ്ച യിക്കൂ. ബാബ തന്നെയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ശ്രീകൃഷ്ണനെ ഒരിക്കലും ഭഗവാൻ എന്ന് പറയാൻ സാധിക്കില്ല. കൃഷ്ണൻ ദൈവീകഗുണങ്ങളുള്ള മനുഷ്യനാണ്. സത്യയുഗത്തിലെ രാജകുമാര നായിരുന്നു. പരമപിതാവായ പരമാത്മാവിന്റെ മഹിമ വളരെയധികം ഉയർന്നതാണ്. ബാബ സ്വയം ആത്മാ ക്കളോട് പറയുന്നു, അല്ലയോ ആത്മാക്കളേ – നിങ്ങൾ ആദ്യം സത്യയുഗത്തിലായിരുന്നപ്പോൾ എത്ര

പാവനമായിരുന്നു. ഇപ്പോൾ തീർത്തും പതിതമായിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് വീണ്ടും സുഖിയാകണമെങ്കിൽ ശ്രീമത പ്രകാരം മുന്നോട്ട് പോകണം. ഏറ്റവും ശ്രേഷ്ഠമായ മതം ഭഗവാന്റെത് മാത്രമാണ്. മനുഷ്യൻ ഒരു വശത്ത് പറയുന്നു, ഭഗവാൻ പേരിൽ നിന്നും രൂപത്തിൽ നിന്നും വേറിട്ടതാണ്. പിന്നീട് സർവ്വവ്യാപി എന്നും പറയുന്നു. ഇതിനെയാണ് ധർമ്മ ഗ്ലാനി എന്ന് പറയുന്നത്. ഭാരതത്തിൽ ആദി സനാതനാ ദേവതാധർമ്മമായിരുന്നു എന്ന് ആർക്കും തന്നെ അറിയില്ല. ഇത് ആരാണ് സ്ഥാപിച്ചതെന്ന ജ്ഞാനവും ആരിലുമില്ല. ബാബയെയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തെയും കുറിച്ച് ആർക്കുമറിയില്ല. മനുഷ്യർക്കല്ലേ അറിയൂ, മൃഗങ്ങൾക്ക് അറിയില്ലല്ലോ. ശിവബാബയെയും അച്ഛനെന്നു പറയുന്നു. പ്രജാപിതാവായ ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണ കുലത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. പരമപിതാ പരമാത്മാവ് നമ്മെ എങ്ങനെയാണ് രചിക്കുന്നത്, നമ്മെ എങ്ങനെ പാലിക്കുന്നു എന്ന് മറ്റേതൊരു മനുഷ്യർക്കും അറിയില്ല. മനുഷ്യ സൃഷ്ടിയെ രചിക്കുന്നത് പ്രജാപിതാവായ ബ്രഹ്മാവാണ്, പരമപിതാ പരമാത്മാവിനെയും രചയിതാവ് എന്നു പറയുന്നു. ബാബ ആത്മാക്കളുടെ പിതാവാണ്. അപ്പോൾ എല്ലാവരും ശിവന്റെ സന്താനങ്ങളാണ്, ബ്രഹ്മാകുമാർ-കുമാരിമാരാണ്. ഈ മാതാ പിതാവിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് ജന്മം നൽകി എങ്കിൽ ഓർമ്മിക്കേണ്ടതും എന്നെ തന്നെയാണ്, സമ്പത്തിനെയും ഓർമ്മിക്കണം. എന്തുകൊണ്ടെന്നാൽ മരണം തൊട്ടു മുന്നിലാണ്. മരണ സമയത്ത് എല്ലാവരോടും ഭഗവാനെ ഓർമ്മിക്കുവാൻ പറയുന്നു. ഇപ്പോൾ സ്വയം ഭഗവാൻ തന്നെ പറയുന്നു-കുട്ടികളേ നിങ്ങൾ എന്റെ ശ്രീമത പ്രകാരം നടക്കൂ. ഒന്ന് യാദവ മതം, മറ്റൊന്ന് കൗരവ മതം. ഇവിടെ പാണ്ഡവ മതമാണ്. പാണ്ഡവർക്ക് ഈശ്വരീയ മതമാണ് ലഭിക്കുന്നത്. വിനാശ കാലേ വിപരീത ബുദ്ധി എന്നു പറയാറുണ്ട്. പാണ്ഡവരുടെത് പ്രീത ബുദ്ധിയാണ്.

ഇത് അസത്യമായ ഖണ്ഡമാണെന്നുള്ളത് നിങ്ങൾക്ക് അറിയാം. 5000 വർഷങ്ങൾക്കു മുമ്പേ സത്യ ഖണ്ഡമായിരുന്നു. ദേവതകളായിരുന്നു രാജ്യം ഭരിച്ചിരുന്നത്. ഭാരതവാസികൾ മുഴുവനും വിശ്വത്തിന്റെ അധികാരികളായിരുന്നു, എന്നാൽ ഇപ്പോഴില്ല. ഇപ്പോൾ നിങ്ങൾ വീണ്ടും വിശ്വത്തിന്റെ അധികാരികളായി മാറിക്കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ വിശ്വത്തിന്റെ മുഴുവൻ അധിപനായ ശിവബാബയുടെ രാജ്യമായിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. ബാബ പറയുന്നു, ഞാൻ വീണ്ടും അത് സ്ഥാപിക്കുകയാണ്. ബാക്കി എല്ലാ ധർമ്മങ്ങളും നശിക്കാൻ പോകുകയാണ്. ഇപ്പോൾ നിങ്ങൾ സ്വയം ആത്മാവെന്നു മനസ്സിലാക്കി പതിതപാവനനായ പരമാത്മാവിനെ ഓർമ്മിക്കൂ. പാപാത്മാക്കൾ, പുണ്യാത്മാക്കൾ എന്നാണ് പറയുന്നത്. ഭാരതത്തിൽ ഒരിക്കൽ എല്ലാവരും പുണ്യാത്മാക്കളായിരുന്നു, ഇപ്പോൾ എല്ലാവരും പാപാത്മാക്കളാണ്. പുണ്യ പരമാത്മാവെന്നു പറയില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയാക്കി. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ തിരികെ കൊണ്ടു പോകാനായി. ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനും ടീച്ചറുമാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി തന്ന്, നിങ്ങളെ സ്വദർശന ചക്രധാരികളാക്കി മാറ്റുന്നു. ദേവതകൾ ഒരിക്കലും സ്വദർശന ചക്രധാരികളല്ല. ബ്രാഹ്മണരുടെത് വളരെ ഉയർന്ന കുലമാണ്. ബ്രാഹ്മണർ കുടുമികളാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ് പിന്നീട് ദേവതകളാകുന്നത്. ബാബ പറയുന്നു, നിങ്ങളും ആദ്യം ബ്രാഹ്മണരായിരുന്നു, പിന്നീട് ദേവതകളും ക്ഷത്രിയരും വൈശ്യരും ശൂദ്രരുമായിത്തീരുന്നു. അങ്ങനെ പുനർജന്മങ്ങളെടുത്തു വന്നു. ഇപ്പോൾ നിങ്ങൾക്ക് വീണ്ടും പഠിപ്പ് നൽകി ദേവതകളാക്കി മാറ്റുന്നു. ഈ സമയത്ത് ഭാരതവാസികൾ തീർത്തും ശ്മശാനതുല്യരാണ്, സ്വയത്തിന് വളരെ വലിയ ടൈറ്റിലുകൾ നൽകിയിരിക്കുന്നു-സർവ്വോദയാ ലീഡർ. സർവ്വം അർത്ഥം മുഴുവൻ സൃഷ്ടിയിലെയും മനുഷ്യരിൽ ദയ കാണിക്കുക, അത് ഒരിക്കലും മനുഷ്യർക്ക് ചെയ്യാൻ സാധിക്കില്ലല്ലോ. ജ്ഞാനസാഗരൻ, ആനന്ദസാഗരൻ.... എന്നെല്ലാം ബാബയെ മാത്രമാണ് പറയാൻ സാധിക്കുക. ഇപ്പോൾ ബാബ പറയുന്നു, സർവ്വ ധർമ്മങ്ങളെയും പരിത്യജിച്ച് എന്നെ മാത്രം ശരണം പ്രാപിക്കൂ.... എന്നാൽ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ പാപം നശിക്കുന്നു. അല്ലാതെ പതിതപാവനി ഗംഗയല്ല. പതിതപാവനൻ ഒരേയൊരു ബാബയാണ്. ഇത് ശിവശക്തി പാണ്ഡവസൈന്യമാണ്, പവിത്രമായി ജീവിക്കുന്നവർ. ഭാരതത്തിലുള്ള ഈ മാതാക്കളാണ് ശിവശക്തി പാണ്ഡവസൈനികർ. ഇവർ ശരീരം, മനസ്സ്, ധനത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. ഒരു വശത്ത് അഹിംസകമായ സൈന്യം, മറുവശത്ത് ഹിംസക സൈന്യം. അവർ എന്താണ് ചെയ്യുന്നത്? നിങ്ങൾ എന്തു ചെയ്യുന്നു? 5000 വർഷങ്ങൾക്കു മുമ്പ് സേവനം ചെയ്തവരുടെ ഓർമ്മ ചിഹ്നമാണ് നിൽക്കുന്നത്. നിങ്ങളാണ് സേവനം ചെയ്യുന്നത്. ഇത് ജ്ഞാനമാണ് ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമില്ല. നിങ്ങൾ ശിവക്ഷേത്രങ്ങളിൽ പോയിരുന്നു എന്നാൽ, ശിവബാബ സ്വർഗ്ഗത്തിന്റെ തന്നെ രചയിതാവാണെന്ന് അറിയുന്നില്ല. അപ്പോൾ തീർച്ചയായും അവരിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്തു തന്നെ ലഭിക്കേണ്ടതുണ്ട്. പരമാത്മാവ് എപ്പോഴും സുഖത്തിന്റെ സമ്പത്ത് മാത്രമാണ് നൽകുന്നത്. അതിനാലാണ് എല്ലാവരും ഓർമ്മിക്കുന്നത്, പതിതപാവനാ വരൂ... അല്ലയോ പിതാവേ വീണ്ടും വന്ന് ഞങ്ങൾക്ക് സ്വർഗ്ഗീയ

രാജ്യഭാഗ്യം നൽകൂ. വന്ന് ജീവന്മുക്തി നൽകൂ. സത്ഗതി ദാതാവ് ഭഗവാൻ മാത്രമാണ്. പാവനമായി മറ്റുള്ളവരെ പാവനമാക്കി മാറ്റുന്നത് നിങ്ങൾ ശിവശക്തി പാണ്ഡവ സൈനികരാണ്. നിങ്ങൾ ശ്രീമതമനുസരിച്ച് ഭാരതത്തിന്റെ തോണി അക്കരെ കടത്തുന്നു. നിങ്ങൾക്ക് ബാബയുടെ ശ്രീമതം ലഭിച്ചിട്ടുണ്ട്- സർവ്വ ധർമ്മങ്ങളെയും പരിത്യജിച്ച് എന്നെ മാത്രം ശരണം പ്രാപിക്കൂ. ബാബ സത്-ചിത്-ആനന്ദ സ്വരൂപനാണ്... സുഖസാഗരനാണ്.... ബാബ വന്നിരിക്കുന്നതു തന്നെ കുട്ടികളെ പഠിപ്പിക്കാനാണ്. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആത്മാക്കളാണ് കേൾക്കുന്നത്. ആത്മാക്കളാണ് സർവ്വതും ചെയ്യുന്നത്. ബാബ പറയുന്നു, നിങ്ങൾ സിക്കീലധേ, വളരെ കാലങ്ങൾക്കു ശേഷം തിരികെ കിട്ടിയ കുട്ടികളാണ്. പരംധാമത്തിൽ നിന്നും എങ്ങനെയുള്ള ആത്മാക്കളാണ് ആദ്യം വരുന്നത്? ആർക്കാണോ ഡ്രാമയുടെ അവസാനം വരെയ്ക്കും ഇവിടെ തന്നെ ഇരിക്കേണ്ടത്. സ്വർഗ്ഗത്തിലെ ആദിയിലും ഈ ദേവതകളായിരുന്നു. അവർ തന്നെയാണ് 84 ജന്മങ്ങൾ പൂർണ്ണമായും എടുത്തിട്ടുള്ളത്. പരമപിതാവായ പരമാത്മാവ് വരുമ്പോൾ ആരാണോ വളരെ കാലങ്ങളായി അകന്നിരിക്കുന്ന ആത്മാക്കൾ, അവർ തന്നെയാണ് ആദ്യമാദ്യം വന്ന് ബാബയിൽ നിന്നുമുള്ള സമ്പത്ത് നേടുന്നത്. കുട്ടികളേ, ഗൃഹസ്ഥത്തിൽ വസിച്ചു കൊണ്ടും ബാബയെ ഓർമ്മിക്കണം. കമല പുഷ്പ സമാനമിരിക്കൂ. ശ്രീമതമനുസരിച്ച് വീണ്ടും ശ്രേഷ്ഠമായിത്തീരണം. അരക്കല്പം നിങ്ങൾ ധാരാളം സുഖം അനുഭവിച്ചു, പിന്നീട് മായാ രാവണൻ ആസുരീയ മതപ്രകാരം നിങ്ങളെ വീഴ്ത്തി. ആരാണോ സൂര്യവംശികളായിരുന്നത് അവർ തന്നെ ചന്ദ്രവംശികളായിത്തീർന്നു. ഇപ്പോൾ വീണ്ടും ശൂദ്രനിൽ നിന്നും ബ്രാഹ്മണനായിരിക്കുകയാണ്. നിങ്ങൾ ഗുപ്തമാണ്, നിങ്ങളെ ആർക്കും തന്നെ തിരിച്ചറിയാൻ സാധിക്കില്ല. പരിധിയില്ലാത്ത ബാപൂജിയാണ് പറയുന്നത്, ഞാൻ മുഴുവൻ സൃഷ്ടിയുടെയും ബാപൂജിയാണ്. ഞാൻ തന്നെയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത്. പരിധിയുള്ള ബാപൂജി(മഹാത്മാഗാന്ധി) വിദേശികളെ പലായനം ചെയ്യിച്ചു. എന്നാൽ ഈ ബാപൂജി ഈ സൃഷ്ടിയിൽ നിന്നും തന്നെ എല്ലാവരെയും കൊണ്ടു പോവുകയാണ്. അനേക ധർമ്മങ്ങളുടെ വിനാശവും ഒരു ദേവതാധർമ്മത്തിന്റെ സ്ഥാപനയും. കല്പം മുമ്പ് ആരെല്ലാമാണോ മനസ്സിലാക്കിയത് അവർ മാത്രമാണ് ഇപ്പോഴും മനസ്സിലാക്കുക. സൂര്യവംശി രാജ്യത്തിൽ വന്നവർ മാത്രമാണ് പിന്നീട് വന്ന് രാജ്യം ഭരിക്കുന്നത്. ഇത് വളരെ വലിയ ഒരു വൃക്ഷമാണ്. ഇപ്പോൾ ആദി സനാതന ദേവതാ ധർമ്മത്തിന്റെ തൈയ്യാണ് നട്ടു പിടിപ്പിക്കുന്നത്. കലിയുഗം മുൾക്കാടാണ്, സത്യയുഗം പൂക്കളുടെ പൂന്തോട്ടമാണ്. പരസ്പരം മറ്റുള്ളവർക്ക് സുഖം നൽകുന്നവരെയാണ് ദൈവീക സമ്പ്രദായത്തിലുള്ളവരെന്നു പറയുന്നത്. ദു:ഖം നൽകുന്നവരെ ആസുരീയ സമ്പ്രദായത്തിലുള്ളവരെന്നു പറയുന്നു. ശിവബാബ വന്ന് ശിവാലയമാണ് സ്ഥാപിക്കുന്നത്. നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുന്നു. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയ്ക്കും ഉയർന്ന പദവി ലഭിയ്ക്കുന്നു. ഭാരതത്തിൽ ആദ്യം ദൈവീക സമ്പ്രദായത്തിലുള്ളവരായിരുന്നു. പിന്നീടാണ് അസുര സമ്പ്രദായത്തിലുള്ളവർ അഥവാ ശൂദ്ര സമ്പ്രദായത്തിലുള്ളവരായത്. ഇപ്പോൾ വീണ്ടും നിങ്ങൾ ദൈവീക സമ്പ്രദായത്തിലുള്ളവരാകുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സമ്പ്രദായത്തിലുള്ളവർ പിന്നീട് ദേവതയാകുന്നു. ഈ ചക്രത്തെക്കുറിച്ച് നല്ല രീതിയിൽ മനസ്സിലാക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. എല്ലാവർക്കും സുഖം നൽകി കൊണ്ട് ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറണം. ആസുരീയ സമ്പ്രദായത്തിലുള്ള ഒരു കർത്തവ്യവും ചെയ്യരുത്. ശിവാലയത്തിന്റെ സ്ഥാപനയിൽ സഹയോഗികളായിത്തീരണം.

2. ആത്മാഭിമാനിയായിരിക്കണം. ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും ഒരു ബാബയെ മാത്രം ഓർമ്മിക്കണം. യോഗാഗ്നിയിലൂടെ തന്റെ വികർമ്മങ്ങളെ ഭസ്മമാക്കണം.

## വരദാനം:- അറ്റൻഷന്റെയും അഭ്യാസത്തിന്റെയും നിജസംസ്കാരത്തിലൂടെ സ്വയത്തിന്റെയും സർവ്വരുടെയും സേവനത്തിൽ സഫലതാമൂർത്തിയായി ഭവിക്കട്ടെ.

ബ്രാഹ്മണാത്മാക്കളുടെ നിജസംസ്കാരം ''അറ്റൻഷനും അഭ്യാസ''വുമാണ്. അതിനാൽ ഒരിക്കലും

അറ്റൻഷന്റെ പോലും ടെൻഷൻ വെക്കരുത്. സദാ സ്വ-സേവയും മറ്റുള്ളവരുടെ സേവയും ഒപ്പത്തിനൊപ്പം ചെയ്യൂ. ആര് സ്വ-സേവനം വിട്ട് പരസേവനത്തിൽ മുഴുകുന്നുവോ അവർക്ക് സഫലത ലഭിക്കുക സാദ്ധ്യമല്ല. അതിനാൽ രണ്ടിന്റെയും ബാലൻസ് വെച്ച് മുന്നേറൂ, ബലഹീനരാകരുത്. അനേകപ്രാവശ്യത്തെ നിമിത്തമായ വിജയീ ആത്മാവാണ്, വിജയീ ആത്മാവിനെ സംബന്ധിച്ച് ഒന്നിനും പ്രയത്നമില്ല, ബുദ്ധിമുട്ടില്ല.

**സ്ലോഗൻ:- ജ്ഞാനയുക്ത ദയാമനസ്കരാകൂ എങ്കിൽ ബലഹീനതകളോട് മനസാ വൈരാഗ്യം വരും.**